ഭൂഗർഭ ജലവിതാനത്തെ സംബന്ധിച്ച പഠനം

15(*75) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല വിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ കാലാകാലങ്ങളിൽ പഠന വിധേയമാക്കാറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ പഠന ഫലം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഏറ്റവും ഗുരുതര ജലശോഷണം ഏതൊക്കെ മേഖലകളിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ജലലഭ്യതയുടെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് പഠനങ്ങൾ ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തിവരുന്നു. ഇപ്രകാരം 2013 മാർച്ച് വരെയുള്ള പഠനമനുസരിച്ച് സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അതിചൂഷണ ബ്ലോക്കായി തരംതിരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ പതിനെട്ട് ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കി 131 ബ്ലോക്ക് സുരക്ഷിത ബ്ലോക്കുകളായും തരംതിരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അതിചൂഷണ ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ പതിനെട്ട് ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ വിഭാഗത്തിലും തരംതിരിച്ചിട്ടുണ്ട്. ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ഇറിടങ്ങളിൽ ഭൂവിതാനം ഉയർത്തുന്നതിനായി കൃത്രിമ ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

GPM. 2/238/2020-7

LIBRARY ARCHIVES Kerala Legislative Assembly